SANSKRIT SCHOOLS—PRINCIPLES FOR GIVING GRANT

489. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ദേവസ്വം മെമ്പർ ദയവായി മറുപടി പറയുമോ.—

(എ) സംസ്കൃത വിദ്യാലയങ്ങളിൽ ഗ്രാൻറനുവദിക്കുന്ന സമ്പ്രദായം മാറ്റുള്ള സ്കൂളുകൾക്കു നല്കിവരുന്ന രീതിയിൽനിന്നും വ്യത്യാസമുണ്ടോ;

(ബി) ആണെങ്കിൽ അതു എന്തുകൊണ്ടാണ്;

(സി) ഇപ്പോൾ നല്കിവരുന്ന സഹായധനക്രമം എന്തു;

(ഡി) എന്തടിസ്ഥാനത്തിൽ?

മിസ്റ്റർ പി. ജെ. ജോജ്ജ്:

(എ) അതെ.

(ബി) മാറ്റുള്ള സ്കൂളുകൾക്കു ഗ്രാൻറ നല്കുന്നതിനു് ഉണ്ടാക്കീട്ടുള്ള ചട്ടങ്ങളിൽ ഓരോ ക്ലാസ്സിലും നൂറു കുട്ടികളെങ്കിലും ഉണ്ടായിരിക്കണമെന്നു് ഒരു നിയമമുണ്ടു്. ആ നിയമം ഇപ്പോൾ സംസ്കൃത വിദ്യാലയങ്ങളിലെ ക്ലാസ്സുകൾക്കു ബാധകമാക്കാവുന്ന ഒരു സ്ഥിതി ടി വിദ്യാലയങ്ങൾക്കു് ഇനിയും ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ മാരോ സ്കൂളിനും ഓരോ മൊത്തതുകയാണു് ഗ്രാൻറായി കൊടുക്കുന്നതു്.

(ഡി) ഗ്രാൻറ് അനുവദിക്കുന്ന അവസരത്തിൽ ഓരോ സ്കൂളിലും ഉള്ള ക്ലാസ്സുകൾ, കുട്ടികളുടെ എണ്ണം, സ്കൂളിൻറെ നടത്തിപ്പുരീതി എന്നിവയെ ആസ്പദമാക്കി ഒരു തുക നിശ്ചയിക്കുകയാണു് ഇപ്പോഴത്തെ പതിവു്. തൽസമയത്തെ ഗവമ്മെൻറിൻറെ കോശസ്ഥിതിയും ഈ അവസരങ്ങളിൽ ഒരു ആലോചനാവിഷയമായിരിക്കുന്നതാകുന്നു.

SANSKRIT SCHOOLS—CURRICULUM—REVISION OF

490. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറ് ദയവായി മറുപടി പറയുമോ.—

(എ) സംസ്കൃത സ്കൂളുകളിൽ എത്ര കൊല്ലത്തെ കോഴ്സാണ് അംഗീകരിച്ചിട്ടുള്ളതു്;

(ബി) ആ കോഴ്സ് പ്രായോഗികമാക്കിത്തീർത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഡി) അതിനുള്ള വൈഷമ്യങ്ങൾ എന്തെല്ലാം?

മിസ്റ്റർ പി. ജെ. ജോജ്ജ്:

(എ) എട്ടു്.

(ബി) ഈ സ്കൂളുകളിൽ എട്ടു കൊല്ലത്തെ കോഴ്സ് വേണമെന്നു നിശ്ചയിച്ചതു് അടുത്ത കാലത്തു മാത്രമായതുകൊണ്ടും ഇപ്പോൾ ഒരു സ്കൂളിലും എട്ടു ക്ലാസ്സുവരെ ഇല്ലാത്തതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടും കോഴ്സിന്റെ പ്രായോഗികതയെപ്പറ്റിയോ മറിച്ചോ ഒരഭിപ്രായം പറയാറായിട്ടില്ല. ഈ കോഴ്സു കൊണ്ടു വിദ്യാർത്ഥികൾ "കാവ്യ" പരീക്ഷക്കു പോകുവാൻ പ്രാപ്തരായിത്തീരണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു". സംസ്കൃത കോളേജിൽ ഈ കോഴ്സ" തന്നെയാണ് വളരെക്കാലമായി തുടർന്നുപോരുന്നതു്. അതു നോക്കുമ്പോൾ ഈ സ്കൂളിലും പ്രസ്തുത കോഴ്സു് പ്രായോഗികമാകാതിരിക്കുകയില്ലെന്നതന്നെ വിശ്വസിക്കാം.

(സി), (ഡി) ഉത്തരം ആവശ്യമില്ല.

SANSKRIT SCHOOLS—SCHEME FOR IMPROVEMENT

491. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സംസ്കൃത വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനും സംസ്കൃത വിദ്യാലയങ്ങളെ പോഷിപ്പിക്കുന്നതിനുമായി വല്ല പദ്ധതിയും ഗവൺമെൻറിലേക്കു വിദ്യാഭ്യാസ മേലധ്യക്ഷൻ സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതു് എന്താണ്; എന്നാണ്;

(ബി) അതിന്മേൽ ഗവൺമെൻറിന്റെ ഉത്തരവെന്തു;

(സി) അതു നടപ്പിൽ വന്നുവോ;

(ഡി) അടുത്തു നടപ്പിൽ വരുത്തുവാനുള്ള വൈഷമ്യം എന്താണ്;

(ഇ) ഇപ്പോൾ സംസ്ഥാനത്തിലെ സംസ്കൃത വിദ്യാലയങ്ങൾക്കെല്ലാംകൂടി ഗവൺമെൻറിൽ നിന്നും ചിലവുചെയ്തുപോരുന്ന സംഖ്യയെന്തു;

(എഫ്) വിദ്യാഭ്യാസ മേലധ്യക്ഷന്റെ പുതിയ പദ്ധതി (സ്കീം) അനുസരിച്ചു വരുന്നകൂടുതൽ ചിലവെന്തു;

(ജി) പുതിയ പദ്ധതി നടപ്പിൽ വന്നിട്ടില്ലെങ്കിൽ അടുത്തു നടപ്പിൽ വരുത്തുവാൻ ഗവൺമെൻറിനു സന്മനസ്സുണ്ടാകുമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്:

(എ) ഉവ്വ്, സംസ്കൃത വിദ്യാഭ്യാസത്തെ പരിഷ്കരിക്കുവാനും, ക്രമീകരിക്കുവാനും, ഗ്രാൻറു കൊടുക്കുന്ന രീതി പുതുക്കുവാനും ആയിരുന്നു. ഫസ്റ്റു ഫൈവ്സിലെ ഒന്നാം-യിലും ഫസ്റ്റ് മാർച്ചു് രണ്ടാം-യിലും.

(ബി) ധനദൌർല്ലഭ്യം നിമിത്തം പദ്ധതി തല്ക്കാലം നിറുത്തിവെക്കേണ്ടതാണെന്നും പണം ഉണ്ടാകുമ്പോൾ നടപ്പിൽ വരുത്താമെന്നുമായിരുന്നു.

(സി) ഇല്ല.

(ഡി) പണദൌർല്ലഭ്യം.

(ഇ) പ്രൈവറ്റു സംസ്കൃത വിദ്യാലയങ്ങൾക്കു കൊല്ലത്തിൽ ഏകദേശം 1,00,000 രൂ. യും സർക്കാർവക ചോറോനിക്കര സംസ്കൃത വിദ്യാലയത്തിൽ കൊല്ലത്തിൽ ശമ്പളത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly